LIBRARY ARCHIVES Kerala Legislative Assembly

എടവണ്ണ സബ് രജിസ്ട്രാർ ഓഫീസ്

307 (1364) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഏറനാട് മണ്ഡലത്തിലെ എടവണ്ണയിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച സബ് രജിസ്ട്രാർ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തടസ്സങ്ങൾ എല്ലാം പരിഹരിച്ച് എപ്പോൾ സബ് രജിസ്ട്രാർ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) എടവണ്ണയിൽ പുതിയ സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നതിന് അനുമതിയ്ക്കായുള്ള ശിപാർശ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരികയാണ്.

(സി) നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ സബ് രജിസ്ട്രാർ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്.

ഭൂമിയുടെ ന്യായവില ഉയർത്തിയതുമൂലമുള്ള ബുദ്ധിമുട്ട്

308 (1365) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തിൽ ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും രജിസ്ട്രേഷൻ ഫീസ് ഇനത്തിലും ലഭിച്ച വരുമാനം എത്രയാണ്;

(ബി) ഭൂമിയുടെ ന്യായവില 50% ഉയർത്തിയതിനാൽ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ എത്ര അധിക വരുമാനമുണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഭൂമിയുടെ ന്യായവില 50% ഉയർത്തിയത്, 10 സെന്റും അതിനു താഴെയും ഭൂമി വാങ്ങി ഗ്രാമീണ മേഖലയിൽ വീടുവയ്ക്കാൻ ആഗ്രഹിക്കുന്ന സാധാരണക്കാരായ ജനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സാധാരണക്കാരുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?